# രണ്ടാം പാദവാർഷിക മൂല്യനിർണയം 2017-18

## മലയാളം

### അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് X

സമയം : 1½ മണിക്കൂർ

സ്കോർ : 40

---

**പൊതുനിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

(1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.
1 സ്കോർ വീതം)

1 ചാക്കോർ മാപ്ലയ്ക്ക് സ്വർണം ചോരേല്ണ്ടാർന്നതാ. ഒരച്ച് നോക്കാണ്ടന്നെ പറയും - ഇത്ര ചെമ്പ്, ഇത്ര സ്വർണം.

അടിവരയിട്ട പദത്തിന്റെ സൂചിതാർഥം എഴുതുക.

- ചോരയിൽ സ്വർണം ഉണ്ടായിരുന്നു.
- സ്വർണത്തോട് താൽപ്പര്യം ഉണ്ടായിരുന്നു.
- ജന്മനാൽത്തന്നെ സ്വർണം പരിശോധിച്ച് തിരിച്ചറിയാനുള്ള കഴിവുണ്ടായിരുന്നു.
- സ്വർണം സമ്പാദ്യമായുള്ള കുടുംബമായിരുന്നു

2 ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്ത ഋഷിവര്യനാണ് ശ്രീനാരായണഗുരു.
ജാതിപ്പിശാച് എന്ന പദം വിഗ്രഹിച്ചാൽ....

- ജാതിയും പിശാചും
- ജാതിയാകുന്ന പിശാച്
- ജാതിയുടെ പിശാച്
- പിശാചിന്റെ ജാതി

3. "ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അത് മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു."

മത്തായിയുടെ മാനസികാവസ്ഥ എഴുതുക.

- സന്തോഷം
- ഭയം
- സംഘർഷം
- ദുഃഖം

4 " എല്ലാ മൃഗങ്ങൾക്കും വകതിരിവുണ്ട്. അതിനനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യനു മാത്രം സംശയം. "

ജാതിചിന്തയെക്കുറിച്ച് ശ്രീനാരായണഗുരു പ്രകടിപ്പിച്ച ഈ അഭിപ്രായത്തിൽ സ്ഫുരിക്കുന്ന ഭാവം എന്ത്?

- സന്തോഷം
- പരിഹാസം
- സങ്കടം
- കോപം

5. ഈ വയ്യാവേലിയിൽനിന്ന് തലവലിക്കാൻ മത്തായി കുറേ പാടുപെടേണ്ടി വന്നു. അടിവരയിട്ട പ്രയോഗത്തിന്റെ ശരിയായ അർഥം എഴുതുക.

- തല പുറത്തെടുക്കുക
- രക്ഷപ്പെടുക
- കഷ്ടപ്പെടുക
- അധ്വാനിക്കുക

(4x1=4)

**(6 മുതൽ 10 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. 2 സ്കോർ വീതം)**

6. " ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾതോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ "

വരികളുടെ കാവ്യപരമായ സവിശേഷത കണ്ടെത്തി എഴുതുക.

7. • മത്തായി തന്റെ കണക്കുപുസ്തകം തുറന്നു.
• ജീവിതത്തിന്റെ കണക്കുപുസ്തകത്തിൽ നഷ്ടങ്ങൾ ബാക്കിയായി.

അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം എഴുതുക.

8. " പ്രവഞ്ചത്തിന്റെ മിഥ്യത്വത്തിൽ ഭ്രമിച്ച് കർമവിമുഖരായി അലസജീവിതം നയിക്കുന്ന ഇന്ത്യൻ സന്ന്യാസിമാർക്ക് ശ്രീനാരായണന്റെ സേവനസമർപ്പിതമായ ജീവിതം മഹത്തായൊരു മാതൃകയാകേണ്ടതാണ്."

മറ്റ് ഇന്ത്യൻ സന്ന്യാസിമാരിൽനിന്ന് ശ്രീനാരായണഗുരുവിനെ വ്യത്യസ്തനാക്കുന്ന രണ്ട് സവിശേഷതകൾ എഴുതുക.

9. അർഥവ്യത്യാസംവരാതെ ഒറ്റവാക്യമാക്കുക.

ഇപ്പോൾ മത്തായിയുടെ പറമ്പിൽ ഒരു പേരയുണ്ട്. മുമ്പ് അത് മർക്കോസിന്റെ പറമ്പിലായിരുന്നു.

10. " അയൽവീട്ടുകാരെ എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്ക് ഉറക്കംവരുകയില്ല."

പ്രസ്താവനയിൽനിന്നു കഥാപാത്രത്തെക്കുറിച്ച് വ്യക്തമാകുന്ന രണ്ടു സൂചനകൾ കുറിക്കുക.

(4x2=8)

**(11 മുതൽ 15 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിനുമാത്രം ഉത്തരമെഴുതുക. 4 സ്കോർ വീതം)**

11. " എന്നാൽ സ്വയം ചത്തും മാവിനെ കാത്തുരക്ഷിച്ചുപോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോൽപ്പിച്ച് ഓടിച്ചുകളഞ്ഞു."

പ്രകൃതിയെ രക്ഷിക്കാൻ ജീവജാലങ്ങൾ നടത്തുന്ന ഈ പോരാട്ടത്തിൽനിന്ന് മനുഷ്യനു ലഭിക്കുന്ന പാഠമെന്താണെന്നു വ്യക്തമാക്കുക.

12. "എന്റെ കണക്കൊക്കെ തെറ്റിലോ മത്തായിമുപ്പരേ" -
ചാക്കുണ്ണി ഇങ്ങനെ പറയാൻ ഇടയായ സാഹചര്യങ്ങൾ എന്തൊക്കെയാണ്?
പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. • അവളുടെ മുഖം തെളിഞ്ഞു. അവൾ പേരയ്ക്ക രണ്ടും വാങ്ങി. എന്നിട്ട് പുഞ്ചിരിയോടെ ഒന്ന് അവനു നീട്ടി. " ഒന്ന് ചാക്കോച്ചൻ തിന്ന്."
അവനതു വാങ്ങി. അവളുടെ നെറ്റിയിൽ പതുക്കെ ഒന്നു തലോടി. "കള്ളിപ്പെണ്ണ്, എന്നെയങ്ങ് പേടിപ്പിച്ചു കളഞ്ഞു ."
അവൾ കിടുകിടെ ചിരിച്ചു.

• 'അദ്ദേഹം തൊട്ടടുത്തിരുന്ന് കഥകൾ പറഞ്ഞു തരുന്നുവെന്ന അനുഭൂതിയാണ് ആ കഥകൾ വായിക്കുമ്പോൾ നമുക്കുണ്ടാകുന്നത് '
കാരൂർക്കഥകളെക്കുറിച്ച് ജി.എൻ. പണിക്കർ പ്രകടിപ്പിച്ച ഈ അഭിപ്രായം 'കോഴിയും കിഴവിയും ' എന്ന കഥയുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.
(തന്നിരിക്കുന്ന സൂചനകളും പ്രയോജനപ്പെടുത്താം).

14. " ...പരിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതു വേഗമയയ്ക്കാൻ നോക്കാം."
പഴമയോടും പുള്ളുവനോടുമുള്ള ഏ[illegible] മനോഭാവങ്ങളാണ് ഈ വരികളിൽ തെളിയുന്നത്? വിശദമാക്കുക.

15. "പലമതസാരവുമേകമെന്നുപാരാ-
തുലകിലൊരാനയിലന്ധരെന്ന പോലെ
പലവിധ യുക്തി പറഞ്ഞു പാമരന്മാ-
രലയുവതോർത്തലയാതിരുന്നിടേണം."
ശ്രീനാരായണഗുരുദേവന്റെ ഈ കാഴ്ചപ്പാടിന്റെ സമകാലികപ്രസക്തി വിലയിരുത്തി കുറിപ്പ് തയാറാക്കുക. (4x4=16)

**16 മുതൽ 18 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.( 6 സ്കോർ വീതം)**

16 •" മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി."
•"ക്ഷേത്രങ്ങളല്ല, വിദ്യാഭ്യാസസ്ഥാപനങ്ങളോ തൊഴിൽശാലകളോ ആണ് ഇനി വേണ്ടത്."

-ശ്രീനാരായണഗുരു

സൂചനകളും 'ശ്രീനാരായണഗുരു ' എന്ന പാഠഭാഗവും പരിഗണിച്ച് 'ആധുനിക കേരളസൃഷ്ടിയിൽ ശ്രീനാരായണഗുരു വഹിച്ച പങ്ക് ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

17. •"കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല എന്ന ഒറ്റ ഉറച്ച നിലയായിരുന്നു അമ്മയ്ക്ക്." (കൊച്ചുചക്കരച്ചി)

•" മഴകൊണ്ടാലും പാവം തുമ്പകൾ
മലരിൻകൂടനിറച്ചു, വിറച്ചേ
നിൽക്കുകയല്ലോ മേടുകൾതോറും." (ഓണമുറ്റത്ത്)

സൂചനകളും പാഠഭാഗങ്ങളും പരിഗണിച്ച് 'സാഹിത്യകൃതികളിലെ പ്രകൃതി സാന്നിധ്യം ' എന്ന വിഷയത്തിൽ ലേഖനം തയാറാക്കുക.

18. തന്നിരിക്കുന്ന സൂചനകളുടെയും കഥയുടെയും അടിസ്ഥാനത്തിൽ മർക്കോസിനെക്കുറിച്ച് കഥാപാത്രനിരൂപണം തയാറാക്കുക.

- കുടുംബസ്ഥിതിയിൽ അഭിമാനം.
- കുടുംബസ്നേഹി
- സഹോദരിമാരുടെ വിവാഹം നടത്തി.
- പ്രാരബ്ധങ്ങളുടെ നടുവിൽ ജീവിതം

(2x6=12)